# ജി. എൽ. പി. എസ് മക്കിമല

## *2025 -26 അക്കാദമിക മാസ്റ്റർപ്ലാൻ*



## ആമുഖം

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 6 ൽ ആണ് മക്കിമല ഗവ എൽ പി സ്കൂൾ സ്ഥിതി . ഭൂരിഭാഗവും കുറിച്യരും കുറുമരുമാണ് .സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന വനമേഖലയായ മക്കിമലയിലെ ജനങ്ങൾ ഭൂരിഭാഗവും കൂലിപ്പണിക്കാരാണ്.

## വിദ്യാലയചരിത്രം

നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും അശ്രാന്ത പരിശ്രമഫലമായി 1981 ഒക്ടോബർ 15 ന് ട്രൈബൽ സബ് പ്ലാനിൽ ,മക്കിമല ജി എൽ പി എസ് സ്കൂൾ സ്ഥാപിതമായി .നാട്ടുകാരായ തോട്ടം തൊഴിലാളികളുടെയും പരേതനായ കീരൻ മേസ്തിരി ,ഭാസ്ക്കരേട്ടൻ ,ആലിക്കോയ എന്നിവരുടെയും ത്യാഗവും സേവനവും ഇതിന് പിന്നിൽ ഉണ്ടായിരുന്നു .സ്കൂളിനാവശ്യമായ സ്ഥലം മക്കിമല എസ്റ്റേറ്റിലെ രാമരാജചെട്ടിയാരും ജാൻ സാഹിബും സംഭാവനയായി നല്കിയതായിരുന്നു.കാട്ടുകല്ലും മരങ്ങളും ഉപയോഗിച്ച് കീരൻ മേസ്തിരിയുടെ നേതൃത്വത്തിൽ വിദ്യാലയം പിറവിയെടുത്തു .ശ്രീ രാഘവൻ മാസ്റ്ററുടെ നേതൃത്വത്തിൽ 76 കുട്ടികളെ ഒന്നാം ക്ലാസ്സിൽ ചേർത്തു .പിന്നീട് ശ്രീ ഭാസ്ക്കരൻ മാസ്റ്റർ ആദ്യ ഹെഡ്മാസ്റ്ററായി .കാലക്രമത്തിൽ ആ ചതുപ്പ് നിറഞ്ഞ പ്രദേശത്തു മഴയിലും കാറ്റിലും പെട്ട് വിദ്യാലയം നിലം പൊത്തി .ശ്രീ ചന്തുവേട്ടനും കുടുംബവും വിട്ടുകൊടുത്ത റോഡരികിലെ ഇന്നുകാണുന്ന സ്ഥലത്തുള്ള സ്കൂൾ കെട്ടിടത്തിൽ വിദ്യാലയം വളർച്ചയുടെ പടവുകൾ കയറാൻ തുടങ്ങി

## വളർച്ചാഘട്ടങ്ങൾ

ആദ്യവർഷം 76 കുട്ടികൾ ഉണ്ടായിരുന്നെങ്കിലും 2004 ആയപ്പോഴേക്കും ഇത് 40 ആയി കുറഞ്ഞു .മൂന്നു ഭാഗവും വനങ്ങളാൽ ചുറ്റപ്പെട്ട ജനസാന്ദ്രത കുറഞ്ഞ മക്കിമലയുടെ ഒന്നര കിലോമീറ്റർ ചുറ്റളവിൽ 2 എൽ പി സ്കൂൾ ഉള്ളതും കുട്ടികളുടെ എണ്ണം കുറയാൻ കാരണമായി .2006 ൽ ഹെഡ്മാസ്റ്ററായി ചാർജെടുത്ത ശ്രീ സി .എം .ജോൺ സാറിന്റെ നേതൃത്വത്തിൽ ധാരാളം വികസനപ്രവർത്തനങ്ങൾ അധ്യാപകരും നാട്ടുകാരും രക്ഷിതാക്കളും ഒത്തൊരുമിച്ചു കഠിനശ്രമം നടത്തിയതിന്റെ ഫലമായി 2008 ആയപ്പോഴേക്കും കുട്ടികളുടെ എണ്ണം 73 ആയി ഉയർന്നു. രക്ഷിതാക്കൾക്ക് നിരന്തരം ബോധവൽക്കരണ ക്ലാസുകൾ നൽകിയതിന്റെ ഫലമായി സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടാൻ തുടങ്ങി .ആ വർഷം സ്കൂൾ കലോത്സവത്തിൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ എൽ പി സ്കൂളായി മാറി .വേൾഡ് മിഷൻ  സ്കൂളിലേക്ക് ഒരു കംപ്യൂട്ടറും ഫർണിച്ചറുകളും ഒരു ചിൽഡ്രൻസ് പാർക്കും സംഭാവനായി തന്നതും ഈ കാലത്താണ് .2013 ൽ കെട്ടിടസൗകര്യങ്ങളുടെ അപര്യാപ്തതയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും താൽപ്പര്യം മുൻനിർത്തി നവംബർ 1 പ്രീ -പ്രൈമറി വിദ്യാലയം തുടങ്ങി .2024 -25 അധ്യനവർഷത്തിൽ ശ്രീമതി ഇന്ദിര ടീച്ചർ ഹെഡ്മിസ്ട്രസ് ആയിരുന്ന കാലത്തു അദ്ധ്യാപകരുടെ കൂട്ടായ പരിശ്രമഫലമായി ആദ്യമായി ഈ വിദ്യാലയത്തിൽ ഫാത്തിമ റിൻഷ എന്ന കുട്ടിക്ക് L .S .S നേടാനായി .ഇത് ഗവ എൽ പി സ്കൂൾ മക്കിമലക്ക് മികച്ച വിജയം നേടാനായി

.

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | GLPS മക്കിമല |
| വിലാസം | : | ചിറക്കര പി.ഒ തലപ്പുഴ വയനാട് . |
| സ്കൂൾ കോഡ് | : | 15414 |
| UDISE | : | 320 |
| വിദ്യാഭ്യാസ ഉപജില്ല | : | മാനന്തവാടി |
| റവന്യൂ ജില്ലാ | : | വയനാട് |
| ബി ആർ സി | : | മാനന്തവാടി |
| സി .ആർ. സി | : | ഗവ യു പി സ്കൂൾ തലപ്പുഴ |
| ഗ്രാമപഞ്ചായത്ത് | : | തവിഞ്ഞാൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | മാനന്തവാടി |
| ജില്ലാപഞ്ചായത്ത് | : | വയനാട് |
| നിയമസഭാമണ്ഡലം | : | മാനന്തവാടി |
| ലോക്സഭാമണ്ഡലം | : | മാനന്തവാടി |
| താലൂക്ക് | : | മാനന്തവാടി |
| വില്ലേജ് | : | തവിഞ്ഞാൽ |
| ഇ മെയിൽ . | : | hmglpsmakkimala@gmail.com |

# നിലവിലുള്ള അവസ്ഥ

2017 -18 അധ്യയന വർഷത്തിൽ പ്രീ പ്രൈമറിയിൽ 23 കുട്ടികളും പ്രൈമറി ക്ലാസ്സുകളിൽ 71 കുട്ടികളും ഉൾപ്പെടെ ആകെ 94 വിദ്യാർത്ഥികൾ ഉണ്ടായിരുന്ന സ്ഥാനത്തു 2023 -24 അധ്യയന വർഷത്തിൽ ആകെ 49 കുട്ടികളിലേക്ക് ചുരുങ്ങി .2018 അഗസ്റ് മാസം മക്കിമലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ പ്രദേശവാസികളായ രണ്ടുപേർ മരണപ്പെടുകയുണ്ടായി .ജിയോളജിക്കൽ വകുപ്പിന്റെപരിശോധനയിൽ ഉരുൾപൊട്ടലുണ്ടായ പ്രദേശം വാസയോഗ്യമല്ലെന്ന റിപ്പോർട്ട് വന്നു .അതിനെ തുടർന്ന് 12 കുടുംബങ്ങൾക്ക് ഈ പ്രദേശം വിട്ട് പോകേണ്ടിവന്നു .പതിനഞ്ചോളം കുട്ടികൾ ടി .സി വാങ്ങി മറ്റ് സ്കൂളുകളിൽ ചേർന്നു .പൊതുവെ ജനവാസം കുറഞ്ഞ മേഖലയായതിനാൽ ഈ ദുരന്തം സ്കൂളിൽ കുട്ടികളുടെ എണ്ണം ഗണ്യമായി കുറയാൻ ഇടയായി .

2018 ലെ ഉരുൾപൊട്ടലിലും പ്രളയത്തിലും പെട്ട് ആസ്‌ബറ്റോസ് ഷീറ്റ് മേഞ്ഞ പഴയ സ്കൂൾ കെട്ടിടത്തിന് വിള്ളൽ വീഴുകയും ഉപയോഗശൂന്യമാണെന്ന് ബന്ധപ്പെട്ട എൻജിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തു .തുടർന്ന് പുതിയ സ്കൂൾ കെട്ടിടം ജില്ലാ നിർമ്മിതി കേന്ദ്രം സ്പോൺസർ ചെയ്യുകയുണ്ടായി .പുതിയ കെട്ടിടം പണി പൂർത്തിയാകുന്നതുവരെ രക്ഷിതാക്കളും നാട്ടുകാരും ഒരുക്കിയ താൽക്കാലിക കെട്ടിടത്തിൽ ക്ലാസ്സുകൾ പ്രവർത്തിച്ചു .2019 സെപ്റ്റംബർ 8 ന് ജില്ലാനിർമ്മിതി കേന്ദ്രം നിർമ്മിച്ച് നൽകിയ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു .2021 സെപ്റ്റംബർ 14 ന് ഒന്നാം നിലയിൽ PWD നിർമ്മിച്ച് നൽകിയ ഓഫീസ് റൂം ഹാൾ കമ്പ്യൂട്ടർ റൂം എന്നിവയുടെ ഉദ്ഘാടനവും നടന്നു .ഇന്നിപ്പോൾ എല്ലാ സൗകര്യങ്ങളോടും കൂടിയ ക്ലാസ് മുറികളാണ് പുതിയ കെട്ടിടത്തിലുള്ളത് .

## നേരിടുന്ന പരിമിതികൾ ,പ്രശ്നങ്ങൾ

രേഖകൾ പ്രകാരം 1 .5 ഏക്കർ സ്ഥലമാണ് വിദ്യാലയത്തിനുള്ളത് .എന്നാൽ 90 സെൻറ്റോളം സ്ഥലമാണ് ഇപ്പോൾ കൈവശമായി ഉപയോഗത്തിലുള്ളത് .സ്കൂളിന്റെ വടക്ക് ഭാഗത്തുള്ള സ്ഥലലത്താണ് തർക്കമായിട്ടുള്ളത് .സ്കൂളിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അപേക്ഷ നൽകിയിരുന്നെങ്കിലും ഇതുവരെ ഫലം കണ്ടില്ല .

സ്കൂളിന് ഒരു ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉണ്ടാകാറുണ്ട് .കൂടാതെ സ്കൂളിലെ ജൈവ പച്ചക്കറി കൃഷിക്ക് നാൽക്കാലികളും ഭീഷണിയാകുന്നുണ്ട് .സ്കൂൾ കെട്ടിടം സുരക്ഷിതമാക്കാനും ഗേറ്റും ചുറ്റുമതിലും കൂടിയേ തീരൂ.

ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തതു പഠനപ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട് .കെ ഫോൺ സംവിധാനം ഉള്ളത് പരമാവധി പ്രയോജനപ്പെടുത്തുന്നു .

സ്കൂളിന്റെ ഒന്നര കിലോമീറ്റർ ചുറ്റളവിൽ രണ്ട് എൽ പി സ്കൂളുകൾ ഉള്ളതിനാൽ ഓരോ സ്കൂളിലും കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ് .കൂടാതെ നാലാം ക്ലാസ് കഴിഞ്ഞാൽ കുട്ടികൾ ആശ്രയിക്കുന്നത് 6 കിലോമീറ്റർ അകലെയുള്ള യു .പി സ്കൂളിനെയാണ് അവിടേക്ക് പോകാൻ ആകെ ഒരു ബസ് ആണ് ഉള്ളത് .ബസ് ഇല്ലാത്ത ദിവസങ്ങളിൽ ഈ കുട്ടികളുടെ അധ്യയനം മുടങ്ങാറുണ്ട് .ഇതിനെല്ലാം പരിഹാരം കാണുന്നതിനായി രണ്ടു ഗവ എൽ പി സ്കൂളിലെയും PTA യോഗം ചേർന്ന് രണ്ടിൽ ഒരു സ്കൂൾ എൽ പി മാത്രമായും മറ്റേത് UP ആയും നിലനിർത്താൻ തീരുമാനമെടുക്കുകയും ഇതിനായി വിദ്യാഭ്യാസവകുപ്പിന് അപേക്ഷ നൽകുകയും ചെയ്തിരുന്നു .രണ്ടു സ്കൂളുകളിലും കുട്ടികളുടെ എണ്ണം കൂടാനും ഉന്നതവിദ്യാഭ്യാസം മുടങ്ങാതിരിക്കാനും ഇതൊരു പരിഹാരമാകും .സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാത്ത ഈ ആവശ്യത്തിന് നിരവധി തവണ ബന്ധപ്പെട്ട മേലധികാരികൾക്ക് നിവേദനകൾ നല്കിയിട്ടുണ്ടെങ്കിലും അനുകൂലനടപടികൾ ഉണ്ടായിട്ടില്ല .

## 2025-26

## അധ്യാപകർ

ഇന്ദിര പിപി - ഹെഡ്മിസ്ട്രസ്
അനിതമോൾ എം. കെ - LPST
ജിൻസി കെ. വി - LPST
ബ്ലെസ്സി എം.പി - LPST
ബീന താഴത്തുവീട്ടിൽ -പ്രീ പ്രൈമറി അധ്യാപിക

നിലവിലുള്ള ഭൗതിക സാഹചര്യം

| | |
|---|---|
| ക്ലാസ് മുറികളുടെ എണ്ണം | -5 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റുകൾ | -2 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റുകൾ | -3 |
| കിണർ | -1 |
| അടുക്കള | -1 |
| കമ്പ്യൂട്ടറിലാബ് | -1 |
| ചുറ്റുമതിൽ | ഭാഗികം |
| പാചകക്കാരി | -1 |

## ആകെ കുട്ടികൾ

| ക്ളാസ്സ് | B | G | T |
|---|---|---|---|
| പ്രീ പ്രൈമറി | 2 | 10 | 12 |
| STD 1 | 4 | 2 | 6 |
| STD 2 | 2 | 3 | 6 |
| STD 3 | 3 | 3 | 6 |
| STD 4 | 8 | 5 | 13 |
| TOTAL | 19 | 23 | 42 |

## അക്കാദമിക മാസ്റ്റർ പ്ലാൻ -പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അതാതു ക്ലാസ്സുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക .
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക പരവും കായികപരവും ആയ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക .
- വരും തലമുറയെ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനും തനതായ ജീവിതരീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരുമാക്കി മാറ്റുക .
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക .
- ഓരോ കുട്ടിയുടെയും അറിവും കഴിവും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുക .
- തുല്യത ,ഗുണത എന്നിവ ഉറപ്പാക്കുക .ഇതിനായി സ്കൂൾ പഠനാന്തരീക്ഷത്തെയും പരിസരത്തെയും മാറ്റിയെടുക്കുക .
- അദ്ധ്യാപകരെ ശാക്തീകരിക്കൽ ,PTA ശാക്തീകരണം
- രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് സൃഷ്ടിക്കൽ ,അക്കാദമിക പിന്തുണ ഉറപ്പാക്കൽ
- ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- മതനിരപേക്ഷജനാധിപത്യ സംസ്‌ക്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കുക
- .പാർശ്വവൽക്കരിക്കപ്പെട്ടവർ .ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുക .
- ആരോഗ്യപരമായ ലിംഗസമത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപീകരിക്കുക .
- ശുചിത്വം ,അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവവും രൂപപ്പെടുത്തുക .
- പാരിസ്ഥിതിക അവബോധം ,സാമൂഹിക അവബോധം എന്നിവ കുട്ടികളിൽ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക .രക്ഷിതാക്കളുമായും സമൂഹവുമായുള്ള ബന്ധം ദൃഢമാക്കുക .
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പു വരുത്തുക .

# പി ടി എ ശാക്തീകരണം

ലക്ഷ്യങ്ങൾ

- രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ .
- 
- രക്ഷിതാക്കളുടെ സർഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തുക .
- 
- ദിനാഘോഷങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുക.
- 
- ബോധവൽക്കരണക്ലാസുകൾ നൽകുക .
- 
- ജൈവ പച്ചക്കറി കൃഷിയിൽ പങ്കാളിത്തം ഉറപ്പാക്കുക. '
- 
- അമ്മ വായന പ്രോത്സാഹിപ്പിക്കുക.
- 
- വിവരവിനിമയ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുക.
- 
- സമഗ്രഗുണമേന്മ വിദ്യാഭ്യാസ സമിതി -അക്കാദമികപ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ചു ഗുണമേന്മ ഉറപ്പുവരുത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ | മാസം തോറും CPTA യോഗം വിളിച്ചു ചേർക്കുന്നു ഓരോമാസവും പൂർത്തീകരിക്കേണ്ട വിവിധ വിഷയങ്ങളുടെ യൂണിറ്റുകള് പരിചയപ്പെടുത്തുന്നു ഓരോ യൂണിറ്റിലേയും പ്രവർത്തനങ്ങൾ വിശദമാക്കുന്നു പ്രവർത്തനങ്ങളിൽ കുട്ടികളെ എങ്ങനെ സഹായിക്കാമെന്നുംപഠനപിന്തുണനല്കണമെന്നും ബോധ്യപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | PTA അദ്ധ്യാപകർ | PTA |
| സമഗ്രഗുണമേന്മ വിദ്യാഭ്യാസ സമിതി | അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ചു ഗുണമേന്മ ഉറപ്പാക്കുക .പ്രാദേശിക PTA സംഘടിപ്പിക്കുക .പൊതുസമൂഹവുമായുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിനും ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു അക്കാദമിക മികവിന് കൂടുതൽ പ്രാധാന്യം നൽകുന്നു .മാലിന്യനിർമാർജന പരിപാടികൾ ലഹരിവിമുക്ത ക്യാമ്പസ് തുടങ്ങിയ സജീവ പ്രവർത്തനപദ്ധതികൾ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | PTA അദ്ധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| സർഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്തുക ശില്പശാലകൾ സംഘടിപ്പിക്കുക നൃത്തം പ്രവർത്തിപരിചയ ക്ലാസുകൾ | പഠനപ്രവർത്തനങ്ങളുമായ ബന്ധപ്പെട്ടവിവിധ പഠനോപകരണങ്ങൾ ശില്പശാലയുടെ നിർമ്മിക്കുന്നുഇതിനായി ചിത്രരചന വിവിധ പ്രവൃത്തി പരിചയ മേഖലകളിൽ കഴിവുള്ള രക്ഷിതാക്കളുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | PTA<br>SMC | PTA |
| ദിനാഘോഷങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുക | സ്കൂൾ വാർഷിക കലണ്ടർ പ്രകാരമുള്ള ദിനാഘോഷങ്ങളിൽ രക്ഷിതാക്കൾക്ക് വിവിധ ചുമതലകൾ വിഭജിച്ചു നൽകുന്നുപൂർണ പങ്കാളിത്തം ഉറപ്പാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | PTA<br>അധ്യാപകർ<br>വികസന സമിതി | PTA |
| ജൈവ പച്ചക്കറി കൃഷിയിൽ പങ്കാളിത്തം ഉറപ്പാക്കുക | കുട്ടികൾക്ക് ഉച്ചഭക്ഷണത്തിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രക്ഷിതാക്കളുടെ സഹായത്തോടെ സ്കൂളിൽ ജൈവ പച്ചക്കറി കൃഷി | ജൂൺ മുതൽ മാർച്ച് വരെ | PTA<br>അധ്യാപകർ<br>വികസന സമിതി | PTA<br>കൃഷിഭവൻ |
| | രക്ഷിതാക്കൾക്ക് ചുമതലകൾ വിഭജിച്ചു നൽകുന്നു കൃഷിയുടെ വിവിധഘട്ടങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. കൃഷി പരിപാലനത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | | PTA<br>അധ്യാപകർ<br>വികസന സമിതി | PTA<br>കൃഷിഭവൻ |

| | | | | |
|---|---|---|---|---|
| ബോധവൽക്കരണ ക്ലാസുകൾ നൽകുക | പ്രതിരോധ ചികിത്സകൾ പകർച്ചവ്യാധികൾ മഴക്കാല രോഗങ്ങൾ പോഷകാഹാരം ആരോഗ്യ ശുചിത്വ ശീലങ്ങൾ കുട്ടികളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ലഹരിവസ്തുക്കളുടെ ദൂഷ്യഫലങ്ങളും തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | MPTA | |
| അമ്മവായന പ്രോത്സാഹിപ്പിക്കുക | ലൈബ്രറി പുസ്തകങ്ങൾ അമ്മമാർക്ക് വിതരണം ചെയ്യുന്നു അതുവഴി അവരുടെ വായന മെച്ചപ്പെടുത്തുന്നു സ്കൂൾ കലാമേളയിൽ രക്ഷിതാക്കൾക്ക് രചനാ മത്സരങ്ങൾ നടത്തുന്നു വിജയ് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | PTA | |
| വിവരസാങ്കേതികവിദ്യയിൽ പരിശീലനം നൽകുക | സാങ്കേതികവിദ്യ ഏറെ പുരോഗമിച്ച ഈ കാലഘട്ടത്തിൽ കുട്ടികളെ ഓൺലൈൻ പഠനത്തിൽ സഹായിക്കാനും പഠന പ്രവർത്തനങ്ങളിൽ പഠന പിന്തുണ നൽകാനും വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്ക് 2 മണി മുതൽ താൽപര്യമുള്ളവർക്ക് ഉള്ളവർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | | |

ക്ലാസ്സ്   1  മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവർ ആക്കുക | ◆ ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.<br>◆ രക്ഷിതാക്കൾക്ക്കഥപറയൽ പരിശീലനം .<br>◆ ടീച്ചർ പുസ്തകങ്ങൾ ഭാവനാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>◆ വീട്ടു വായന രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു .<br>◆ കേട്ടകഥയിലെആശയത്തെ ചിത്രീകരിക്കുന്നു .<br>◆ ക്ലാസ് ലൈബ്രറിശക്തമാക്കുന്നു .<br>◆ കഥാ ശിൽപ്പശാല .<br>◆ ചിത്രകാർഡുകൾ,വായനകൾ, നിർമ്മാണ ശില്പശാല.<br>◆ തീയേറ്റർസാധ്യതകൾ വായനകാർഡുകൾ എന്നു ഉപയോഗിച്ച് വായനയിലേക്ക് ആകൃഷ്ടരാക്ക<br>◆ കഥയുടെ പുനര വിതരണം വ്യത്യസ്ത രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെയും സഹായത്തോടെ അവതരിപ്പിക്കാൻ അവസരം .<br>◆ ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു .<br>◆ ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതാൻ ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ.<br>◆ കൂട്ടു വായന ,കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച ചിത്രകഥ<br>വായന നടത്തുന്നു. | ജൂൺ<br><br><br><br><br><br><br><br><br>ജൂലൈ<br><br><br>ഓഗസ്റ്റ്<br><br><br><br><br>സെപ്റ്റംബർ | |

| | | | |
|---|---|---|---|
| | ◆ ലളിതമായ വായന കാർഡുകൾ സഹായത്തോടെ വായിക്കുന്നു<br>◆ വേദികളിൽ സ്വതന്ത്രമായി കഥ പറയൽ<br>◆ ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു കുട്ടി സഹായത്തോടെ വായിക്കുന്നു<br>◆ നിർമ്മിച്ച കഥകളുടെ പ്രകാശനം നാട്ടുവായന കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു<br>◆ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാറ്റിൽ പ്രദർശിപ്പിക്കുന്നു കുട്ടികൾ വായിക്കുന്നു<br>◆ കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു തയ്യാറാക്കുന്നു<br>◆ ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു<br>◆ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു സചിത്ര പുസ്തകങ്ങൾ വായിക്കുന്നു<br>◆ നവമാധ്യമങ്ങളിൽ പങ്കിടുന്നു | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | |

ക്ലാസ്സ്   1 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | ◆ ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.എഴുതുന്നു. ഗണിതപഠനത്തിന്സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു<br>◆ ഒരൊക്കസംഖ്യകൾഎണ്ണിയെടുക്കാനും എഴുതുവാനും വായിക്കുവാനും കഴിയുന്നു | ജൂൺ | |
| | ◆ 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുവാനും വായിക്കുവാനും പറ്റുന്നു.<br>◆ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br>◆ കൂടുതൽ കുറവ് തിരിച്ചറിയൽ | ജൂലൈ | |
| | ◆ ഗണിതകകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>◆ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>◆ ഒരക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ | ഓഗസ്റ്റ് | |
| | ◆ (5=3=8)<br>◆ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകളിൽ ഏർപ്പെടൽ(5-3=2)<br>◆ ഒന്നിനോട് ഒന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന് തിരിച്ചറിവ് സംഖ്യാ ഗാനം ആലപിക്കൽ<br>◆ (1+1=2)<br>◆ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ | സെപ്റ്റംബർ | |
| | ◆ ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയുന്നു സംഖ്യകൾ | ഒക്ടോബർ | |

| | | | |
|---|---|---|---|
| | ഒറ്റ സംഖ്യ ഇരട്ടസംഖ്യ എന്നീ തിരിച്ചറിവ് ഉണ്ടാക്കൽ<br>◆ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br>◆ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>◆ ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യമാക്കാൻ worksheet<br>◆ ഒരക്കക്കസംഖ്യയും രണ്ട് സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>◆ സംഖ്യകൾ അവരോഹണ ആരോഹണ ക്രമത്തിൽ എഴുതാൻ ഗണിത ആൽബം തയ്യാറാക്കൽ<br>◆ മൈ നമ്പർ ബുക്ക് തയ്യാറാക്കൽ<br>◆ സംഖ്യകളെ സുന്ദരിയാക്കാൻ വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ<br>◆ ഒരക്കസംഖ്യയും രണ്ടക്കസംഖ്യ സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>◆ സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. സംഖ്യാ വ്യാഖ്യാനത്തിലേക്ക് തുടങ്ങുന്നു<br>◆ ഗണിതം ആൽബം CPTA പ്രദർശനം<br>◆ ഗണിത മഞ്ചാടി സംഖ്യ സൂര്യൻ ആൽബം തയ്യാറാക്കൽ പ്രദർശനം<br>◆ സംഖ്യ ആൽബം തയ്യാറാക്കൽ പ്രദർശനം<br>◆ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br>◆ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി വിവിധതരം WORKSHEET നൽകുന്നു<br>◆ ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു<br>◆ സംഖ്യകളുടെ പകുതി തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതത്തിലൂടെ സാധ്യമാക്കൽ | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | |

CLASS :1 ENGLISH

| AIM | ACTIVITES | TIME | DUTIES |
|---|---|---|---|
| Simplewords,simple sentenceto speak.Read and write make sure these are in the childrens | ◆ Simple word introducing<br>◆ provides picture card<br>◆ Gives a familiar magic picture card<br>◆ says the familiar words<br>◆ writing familiar words<br>◆ Reading familiar words<br>◆ Enjoys songs and sings them with rhythm and action<br>◆ Describes orally about picture and objects using adjectives<br>◆ Reads and writes simple words and simple sentence<br>◆ Provide picture card and reading cards<br>◆ Introduce a simple picture description<br>◆ Word chain,sentence chain make words<br>◆ Simple description book is being prepared<br>◆ Prepairing the reading card<br>◆ Write 5 english word daily<br>◆ My picture dictionary is being prepared<br>◆ My growing book is being prepared<br>◆ Simple instructions in the classroom<br>◆ Enjoys songs and sings them with rhytham and action<br>◆ Animals and birds collect pictures<br>◆ spoken english is provoded<br>◆ Provides oppertunities for english assembly one day a week<br>◆ Provides the oppertunity to express myself in the classroom ,in the assembly | JUNE<br><br><br><br>JULY<br><br>AUGUST<br><br><br>SEPTEMBER<br><br>OCTOBER<br><br><br><br>NOVEMBER<br><br><br><br><br><br>DECEMBER | |

| | | | |
|---|---|---|---|
| | ◆ English speak fluently<br>◆ Canread and write simple sentence<br>◆ Picture reading ,picture describing can tell you how to read and write | | |

ക്ലാസ്സ് 2 മലയാളം

<table>
<tr><th>ലക്ഷ്യം</th><th>പ്രവർത്തനങ്ങൾ</th><th>കാലയളവ്</th><th>ചുമതല</th></tr>
<tr><td>
◆ രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കുംസന്ദർഭത്തിനന ുസരിച്ച്സ്വന്തംഭാഷയിൽ ആശയങ്ങൾ എഴുതിയുംപറഞ്ഞു അവതരിപ്പിക്കുന്നതിനു ള്ള ശേഷി നേടുന്നതിന്<br>
◆ ആശയ ഗ്രഹണ വായന ഉറപ്പാക്കുക<br>
◆ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെക്ലാസ്സ് നിലവാരത്തിൽ ഉള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവർ ആക്കുക<br>
◆ വർഷംഅവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു ചിത്രത്തെ
</td><td>
◆ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു<br>
◆ ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്) ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ<br>
◆ വായനാസാമഗ്രികൾ നിർമ്മിക്കൽ<br>
◆ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു<br>
◆ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിനെയും സാധ്യത ഉറപ്പാക്കുന്നു<br>
◆ സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു<br>
◆ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>
◆ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>
◆ ചിത്ര വിവരണം<br>
◆ വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു<br>
◆ വായിച്ചെറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ<br>
◆ സംഭാഷണം തയ്യാറാക്കൽ<br>
◆ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>
◆ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ
</td><td>
ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബ ർ
</td><td>
SRG<br><br>PTA<br><br>SRG<br>PTA<br><br>SRG
</td></tr>
</table>

| | | | |
|---|---|---|---|
| ആസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു<br><br>കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചകമായി<br>അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ | ◆ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു<br>◆ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരം ഒരുക്കൽ കവിത പൂരണം<br>◆ ലഘു വിവരങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>◆ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ ഭാഷണം ലേഖനം എഴുത്ത്<br>◆ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ<br>◆ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>◆ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കയ്യെഴുത്തു മാസിക എന്നിവ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു<br>◆ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരംവീട്ടു വായന കൂട്ടു വായന നാട്ടുവായന അമ്മ വായന ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>◆ പ്രവർത്തനങ്ങൾ | ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവ<br>രി<br><br>മാർച്ച് | SRG<br><br>SRG<br>PTA |

ക്ലാസ്സ് 2  ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| ◆ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യ ബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സംഘലനം,വ്യവകലനം പ്ര എന്നിവ ഇങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ<br>◆ സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്<br><br>◆ ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കൽ<br>◆ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്ന എഴുതുന്നു ഒരു ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ | ◆ ഗണിത ആശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു<br>◆ 1, 2, 3, 4-----<br>◆ 1,3,5,7------<br>◆ 10,20,30,40-----<br>◆ 5,10,15.20-----<br>◆ 2,4,6,8-------<br>◆ തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ ഒരു സംഖ്യയോട് പൂട്ടുമ്പോൾ തൊട്ടടുത്തുള്ള സംഖ്യയും ഒന്നു കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും<br>◆ ഒരുകൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>◆ ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>◆ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ<br>◆ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ(സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ പാറ്റേണിയിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിതബന്ധം ഉണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ )തിരിച്ചറിയൽ<br><br>◆ പ്രായോഗിക പ്രശ്നപരിഹരത്തിനായി<br>◆ കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കിയ സംഖ്യ എഴുതൽ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ് | CLASS TEACHER<br><br>SRG<br>CPTA |

| | | | |
|---|---|---|---|
| കൈവരിക്കാൻ ആകുന്ന മേഖലകളിൽ എത്തിച്ചേരൽ<br><br>◆ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ | കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ 10+5= 15 രൂപ<br>◆ നോട്ട് നാണയം<br>◆ സംഖ്യ ബോധംതിരിച്ചറിവിൽ<br>◆ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ<br>◆ സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാന വില പോക്കറ്റ് അബാക്കസ് നിർമ്മിക്കൽ)<br>◆ രണ്ടക്കസംഖ്യ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു<br>◆ വിലവിവര പട്ടിക തയ്യാറാക്കൽ വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നനിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>◆ സങ്കലന വ്യവകലനഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധനം ചെയ്യൽ<br>◆ ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിത ലാഭനം നടത്തൽ<br>◆ ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ<br>◆ കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>◆ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്തങ്ങളും തിരിച്ചറിവ് മാസത്തിൽ ദിവസങ്ങളുടെ ദിവസം കണ്ടെത്തൽ<br>◆ കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണികൾ രൂപീകരിക്കൽ<br>◆ കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>◆ ലളിതാസയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക | സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | CPTA<br><br>TEACHER<br><br>SRG TEACHERS |

CLASS 2 ENGLISH

| Aim | Activity | Time | Incharge |
|---|---|---|---|
| To speak, read, write English without any mistakes | ◆ Pretest | | |
| | ◆ To develope listening skills & reading skills first | | SRG |
| | ◆ Listening skills | June | |
| | ◆ Games action songs conversations stories use ICT hello English activities | to July | |
| | ◆ speaking skills | | |
| To develope speaking reading writing skills | ◆ Descriptions growing sentences picture reading description self introduction assembly activities speech book review quiz riddle School radio etc | JULY | |
| | ◆ Reading skills | August | |
| | ◆ newspaper reading library books reading book review reading and find words rhyming words reading textbook activities | | SRG |
| | ◆ writing skills | September | PTA |
| | ◆ Make wordweb, picture description, word chains and stain Make words and sentences make a riddles ,conversations Add more lines developer story description notice diary | November | |
| | ◆ Listening skills stories games news action songs use ICT | | |
| | ◆ Speaking skills | December | SRG |
| | ◆ Conversation, assemblyactivities ,speech,games | | |
| | ◆ Reading skills | | |
| | ◆ news reading, story reading ,library books reading ,textbook activities | January | |
| | ◆ Writing skills | | |
| | ◆ picture description make word and sentence conversations hard more lines magazine | March | |

ക്ലാസ്സ് 3 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, |
|---|---|---|---|
| പഠിതാവിനെ ശുദ്ധമായി മലയാളം വായിക്കാൻ സംസാരിക്കാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് | ◆ സന്നദ്ധത പ്രവർത്തനങ്ങൾ<br>◆ പ്രീ ടെസ്റ്റ്<br>◆ നിർദ്ദേശങ്ങൾപാലിച്ചുകൊണ്ട് വായനശേഷിവർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>◆ ഭാവനാത്മക വായന<br>◆ കഥ പറയൽ<br>◆ അധ്യാപിക ഭാവനാത്മകമായി പറയുന്ന കഥ കേൾക്കൽ ICT ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ<br>◆ ചിത്ര വായന<br>◆ കടങ്കഥകൾ,പഴഞ്ചൊല്ലുകൾ ശേഖരണം<br>◆ ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൽ ചിത്രവിവരണം | ജൂൺ<br>ജൂലൈ | SRG<br>PTA<br>CPTA |
| സൃഷ്ടിപരമായ എഴുത്തും വായനയും വിദ്യാർത്ഥികളിൽ വികസിപ്പിക്കുക | ◆ കഥാപുസ്തകങ്ങൾ വായിക്കുക<br>◆ വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുന്നു പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ<br>◆ പദസൂര്യൻ നിർമ്മാണം<br>◆ വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുന്നു അവതരിപ്പിക്കുന്നു<br>◆ വാക്കുകളും വാക്യങ്ങൾ നിർമ്മിക്കൽ<br>◆ ചോദ്യോത്തര പയറ്റ് | ഓഗസ്റ്റ്<br>സെപ്റ്റംബർ | |

| | | | |
|---|---|---|---|
| വികാരങ്ങളും പ്രകടിപ്പിക്കുന്നതിന് അനുയോജ്യമായ വ്യവഹാരങ്ങൾ കണ്ടെത്തുന്നു രചനകൾ നടത്തുന്നു | ◆ പാഠഭാഗങ്ങളുമായി ബന്ധമുള്ള ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നു കുറുപ്പുകൾ തയ്യാറാക്കുന്നു<br>◆ കഥ റോൾപ്ലേ അനുഭവക്കുറിപ്പുകൾ | ഒക്ടോബർ<br><br>നവംബർ | |
| അക്ഷരത്തെറ്റ്കൂടാതെ എഴുതുവാനുള്ളശേഷി കൈവരിക്കുന്നു വിവിധ ഭാഷാ വ്യവഹാരങ്ങൾരചന നടത്താനുള്ളശേഷി കൈവരിക്കൽ | ◆ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുന്നു<br>◆ കഥാചിത്രങ്ങൾ ICT ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു -കഥാ രചന വ്യത്യസ്തകരം വിവാഹ രൂപങ്ങൾ തയ്യാറാക്കുന്നു | ഡിസംബർ<br><br>TO<br>ഫെബ്രുവരി | |
| സർഗാത്മക പ്രകടനം | ◆ കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യാപാര രൂപങ്ങൾ അവതരിപ്പിക്കാൻ വേണ്ടി CPTA<br>◆ പഠനോത്സവമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | | |

CLASS 3 English

| AIM | ACTIVITIES | DURATION | INCHARGE |
|---|---|---|---|
| To speak read and write English without any mistakes<br><br>To check the vocabulary and write a skills of the learners<br><br><br><br><br><br><br>Develop the creative speaking and writing | ◆ Pretest<br>◆ To develop listening skills and reading skills<br>◆ listening skills<br>◆ games and action song conversation<br>◆ short skit and the stories<br>◆ USE say ICT for watching short and simple stories rhymes<br>◆ speaking skills<br>◆ Identify the naming words from the picture<br>◆ Identify the action words from the picture<br>◆ Makethe simple sentence using the pictures<br>◆ Reading skills<br>◆ Booksreading short stories<br>◆ Find out the rhyming words<br>◆ Writing skills<br>◆ make word web<br>◆ Picture description<br>◆ Word chain<br>◆ Make a riddles conversations and<br>◆ Add more lines | June<br><br><br><br>July<br><br><br><br><br><br><br>August<br><br><br>September | SRG<br><br><br>CPTA<br><br><br><br><br><br><br><br><br><br><br><br><br><br>SRG<br>PTA |
| Develop creative writing without mistakes | ◆ To express thoughts, feelings<br>◆ Arrange word in alphabetical order<br>◆ Addmore exchanges to the conversation<br>◆ Suitable into the context | October<br>November | SRG |

| | | | |
|---|---|---|---|
| Develop creative speaking and writing | ◆ Reading skills<br>◆ Library books reading<br>◆ Converstion ,skit,stories. Use ICT presentation<br>◆ Dairy writing<br>◆ Announcement | December<br><br>January | SRG<br>Classteacher |
| To improve the presentation power | ◆ read and understand the given stories and the poems<br>◆ able to write the diary ,description ,thoughts ,exhibition | January<br><br>March | SRG<br>PTA<br>CPTA |

ക്ലാസ്സ് 3  പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, |
|---|---|---|---|
| പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനും | ◆ ചെടികൾ നിരീക്ഷിക്കുന്നു പ്രകൃതി നടത്തം<br>◆ വിത്തുമുളപ്പിക്കൽ,വ്യത്യസ്തതരം,സസ്യങ്ങൾപൂക്കൾഎന്നിവയെ തിരിച്ചറിയുന്ന<br>◆ പരിസ്ഥിതി ദിനാചരണം<br>◆ ഹരിത കാർഡ് നിർമ്മാണം | ജൂൺ | SRG<br>CPTA |
| ജീവി ലോകത്തെ വൈവിധ്യം തിരിച്ചറിയുന്നതിന് | ◆ വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കുന്നു ചിത്രശേഖരണം മണ്ണുനിരീക്ഷണം<br>◆ ജൈവറ്റ് വൈവിധ്യ ഉദ്യാന നിർമ്മാണം<br>◆ ശലഭങ്ങൾ വരുന്ന ചെടികൾ നിരീക്ഷണം | ജൂലൈ | SRG<br>PTA |
| ശാസ്ത്രബോധം വളർത്തുന്ന ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കുന്നു | ◆ മഴ മാപിണി നിർമ്മാണം<br>◆ ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>◆ കിണർ സന്ദർശനം<br>◆ മണ്ണ് നിരീക്ഷണം<br>◆ മണ്ണുകൊണ്ടുള്ള രൂപം നിർമ്മിക്കൽ<br>◆ മണ്ണുകൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ ആശയപടം തയ്യാറാക്കൽ | ഓഗസ്റ്റ്<br><br><br><br>സെപ്റ്റംബർ | SRG |
| ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ◆ ശുചിത്വ പോസ്റ്റർ നിർമ്മാണം<br>◆ സ്കൂൾ സുജിത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ<br>◆ ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>◆ അഭിമുഖം -ആരോഗ്യ പ്രവർത്തകർ | ഒക്ടോബർ<br><br>നവംബർ | SRG<br>PTA |

| | | | |
|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിനും | ◆ ഭക്ഷ്യമേള<br>◆ നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും എന്റെ ആരോഗ്യകാർഡ് -വ്യക്തിഗതം കണ്ടെത്തൽ<br>◆ സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>◆ ശരിയായ ഭക്ഷണ ശീലം | ഡിസംബർ<br>ജനുവരി | SRG<br>MPTA<br>PTA |
| സ്വയം സുരക്ഷയ്ക്ക് റോഡ് നിയമങ്ങൾ പാലിക്കേണ്ടതാണ് | ◆ റോൾപ്ലേ -റോഡ് നിയമങ്ങൾ<br>◆ First Aid കിറ്റ് തയ്യാറാക്കൽ<br>◆ First Aid roleplay<br>◆ സ്വയ്ംസുരക്ഷ-പത്രകുറിപ്പുകൾ<br>◆ റോഡ് സുരക്ഷ/സ്വയ്ംസുരക്ഷ-ചർച്ച<br>◆ ബോധവത്ക്കരണം | ഫെബ്രുവരി<br>മാർച്ച് | SRG<br>CPTA<br>PTA |

ക്ലാസ്സ് 3 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, |
|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു | ◆ പ്രീ ടെസ്റ്റ്<br>◆ ഈർക്കിലികൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം ത്രികോണം ,വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ<br>ജൂലൈ | അധ്യാപിക<br>SRG |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു | ◆ സംഖ്യാ പാറ്റേണുകൾ ,നാണയങ്ങൾ ,കളി നോട്ടുകൾ | ഓഗസ്റ്റ് | ക്ലാസ്സ് അധ്യാപിക |
| എല്ലാകുട്ടികളിലും സംഖ്യാബോധം സൃഷ്ടിക്കുക | ◆ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു അബാക്കസിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന സംഖ്യകൾ തിരിച്ചറിയുന്നു രേഖപ്പെടുത്തുന്നു ചിത്രീകരിക്കുന്നു<br>◆ അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത മൂന്നക്ക സംഖ്യകൾ കണ്ടെത്തുന്നു എഴുതുന്നു | സെപ്റ്റംബർ | SRG |
| സംഘലനംവ്യവകലനക്രിയകൾ ക്ക്കുട്ടികളെ പ്രാപ്തരാക്കുക | ◆ മനക്കണക്കുകൾനിത്യജീവിതവുമായിബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ<br>നവംബർ | CPTA |
| ഗുണന വസ്തുതകൾ രൂപീകരിക്കൽ | ◆ മനക്കണക്കുകൾ,മഞ്ചാടി,കൂലി എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഗുണന വസ്തുക്കളുടെ രൂപീകരണം | ഡിസംബർ<br>ജനുവരി | SRG |
| ഭരണക്രിയയുമായി ബന്ധപ്പെട്ട ശ്രേണികൾ നേടൽ | ◆ നിത്യജീവിതവുമായി ബന്ധപ്പെട്ട ഭരണ വസ്തുതകൾക്ക് പ്രവർത്തനങ്ങൾക്ക് പരിഹാരം വ്യക്തിഗതമായി കണ്ടെത്തുന്നു | ഫെബ്രുവരി | SRG |
| പ്രായോഗിക പ്രശ്നപരികരണം നടത്തുന്നതിന് | ◆ കളി നോട്ടുകൾ ഉപയോഗപ്പെടുത്തി കച്ചവടക്കളി കളിക്കുന്നു പ്രശ്നപരിഹാരം നടത്തുന്നു ത്രാസ് അളവ് പാത്രങ്ങൾ എന്നിവ ഉപയോഗിച്ചുള്ള വിവിധതരം പ്രവർത്തനങ്ങൾ - CPTA അവതരണം | മാർച്ച് | SRG<br>PTA<br>CPTA |

ക്ലാസ്സ് 4 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ◆ ഭാഷാപരമായി പിന്നോക്കം നൽകുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ<br>◆ ആവശ്യമായ സാമഗ്രികൾ ഒരിക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA |
| വായനശേഷി വളർത്തൽ | ◆ ക്ലാസ് വായനക്കൂട്ടം ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം,വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ്,പുസ്തകസംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | ◆ പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽനിന്നുംനേടിയ ശേഷികൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരുടെ അടുത്തറിയൽ | ◆ സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ<br>PTA | PTA |
| അറിവ് ഡോക്യുമെന്റുകളുടെ നേടൽ | ◆ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>PTA<br>ക്ലാസ് ടീച്ചർ | PTA |
| നമ്മുടെനാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ◆ പക്ഷേ മേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ<br>CPTA | PTA<br>സാമ്പത്തിക സ്രോതസ്സ് |
| സാഹിത്യകാരന്മാരുടെ ജന്മദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ◆ ജന്മദിനാചരണങ്ങൾ ,പ്രഭാഷണം ,ജീവിതരേഖ തയ്യാറാക്കൽ ,,പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>SRG | PTA |

| CLASS 4 ENGLISH | | | | |
|---|---|---|---|---|
| Aim | Activity | Period | Assignment | Finance |
| To speak read and write English without any mistakes<br>MSSIP, ujjwalam program to improve the reading and writing skills | ◆ Pretest -to develop listening skills and reading skills<br>◆ After assessing the pretest results find out the weak students<br>◆ Start and conduct mssip English activities conducts different activities monthly reading contest | June<br>June to February | SRG<br>SRG<br>PTA<br>Teacher | PTA |
| To improve reading and writing skills formation of English magazine | ◆ reading the words chart ,word cards, reading cards etc Formation of English club, English rhymes, and activities are given<br>◆ English magazine is formed including poems growing sentences pictures description etc | June to March<br>NOVEMBER | SRG<br>PTA<br>TEACHERS<br>Engilsh club | PTA<br>PTA |
| To enrichu vocabulary English corner to improve ready | ◆ To enrich vocabulary words starting with each alphabets are given.<br>◆ Reading and writing of the given words introduce English honours symbol books reading cards for reading | JUNE TO MARCH<br>JUNE TO MARCH | SRG<br>PTA<br>TEACHERS | PTA |

ക്ലാസ്സ്4 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഗണിത പഠനംരസകരമാക്കൽ | ◆ വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി,സങ്കലനം വ്യവകലനം കച്ചവടക്കളി ) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷിവികാസം | ◆ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം ,പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനം സുതാര്യമാക്കൽ | ◆ ഗണിത ലാബ് ഒരുക്കൽ, പഠനത്തിന് പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ◆ ഗണിത ചുമർ ഒരുക്കൽ ,ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ◆ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിത ശേഷികളുടെ പ്രകടനം | ◆ പ്രശ്നോത്തരി<br>◆ പസിൽ<br>◆ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |

ക്ലാസ്സ് 4 പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല, | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| നിരീക്ഷണംഅറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | | PTA |
| ശാസ്ത്രപഠനത്തിൽ താല്പര്യ വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ പോപ്പുലർ അക്കാദമി യുവ സന്ദർശിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>PTA | PTA |
| കേരളം ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടുത്തൽ | ഭൂപട രചന ,ഭൂപട വായന ,സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രപഠനത്തിലൂടെ നേടിയഅറിവുകളുടെ രചന | ശാസ്ത്ര മാസികയുടെ നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |